"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ് - ശ്രീമതി. അനിത കെ.എസ്, സീനിയർ ക്ലാർക്ക് - പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1338/2026/HOME തീയതി,തിരുവനന്തപുരം, 10-04-2026

---

പരാമർശം:- 1) 24.08.2017 ലെ സ.ഉ.(പി) നം.112/2017/ധന നമ്പർ ഉത്തരവ്.

2) ചീഫ് കെമിക്കൽ എക്സാമിനറുടെ 11.08.2025, 19.03.2026 തീയതികളിലെ സി.ഇ.എൽ.ഡി/600/2025-ഇ1 നമ്പർ കത്തുകൾ.

**ഉത്തരവ്**

എറണാകുളം റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. അനിത കെ. എസ്. 09.06.2025-ന് വൈകുന്നേരം ജോലി കഴിഞ്ഞ് ആഫീസിൽ നിന്നും വീട്ടിലേയ്ക്ക് പോകുന്ന വഴി ടിയാൾ സഞ്ചരിച്ചിരുന്ന സ്കൂട്ടർ അപകടത്തിൽപ്പെട്ട് ടിയാൾക്ക് പരിക്കേൽക്കുകയും, തുടർന്ന് ഡോക്ടർ വിശ്രമം നിർദേശിച്ചതിനെ തുടർന്ന് 10.06.2025 മുതൽ 16.06.2025 വരെ ടിയാൾ അവധിയിലായിരുന്നുവെന്നും പരാമർശിത കത്തുകൾ പ്രകാരം ചീഫ് കെമിക്കൽ എക്സാമിനർ അറിയിച്ചിരുന്നു. ആയതിനാൽ 10.06.2025 മുതൽ 16.06.2025 വരെയുള്ള ദിവസങ്ങളിലേക്ക് ശ്രീമതി. അനിത കെ. എസ്. ന് കെ.എസ്.ആർ ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധി അനുവദിക്കണമെന്ന് ചീഫ് കെമിക്കൽ എക്സാമിനർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു പ്രകാരം, ചീഫ് കെമിക്കൽ എക്സാമിനർ ശിപാർശയ്ക്കൊപ്പം സമർപ്പിച്ചിരിക്കുന്ന ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ, ഡ്യൂട്ടിയുടെ ഭാഗമായുള്ള യാത്രാമദ്ധ്യേ അപകടം സംഭവിച്ചതിനെ തുടർന്ന് അവധിയിൽ പ്രവേശിച്ച എറണാകുളം റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. അനിത കെ.എസ്. (പെൻ-371617) -ന് 10.06.2025 മുതൽ 15.06.2025 വരെ കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജീവ് മാത്യു
അണ്ടർ സെക്രട്ടറി

ചീഫ് കെമിക്കൽ എക്സാമിനർ, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി. അനിത കെ. എസ്., സീനിയർ ക്ലാർക്ക്, എറണാകുളം റീജിയണൽ കെമിക്കൽ

എക്സാമിനേഴ്സ് ലബോറട്ടറി. (ചീഫ് കെമിക്കൽ എക്സാമിനർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഐ&പി.ആർ.ഡി. (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Divya R S
Date: 10-04-2026 22:46:13

സെക്ഷൻ ഓഫീസർ